**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2206** **20.06.2012-ൽ** മറുപടിക്ക്

**മഴക്കാലജന്യരോഗങ്ങൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് കാലവർഷം സമാഗതമായിരിക്കെ മഴക്കാലജന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) പി.എച്ച്.സി.കളിലും സി.എച്ച്.സി. കളിലും രോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ട എന്തെല്ലാം സജ്ജീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | ബി) മഴക്കാല രോഗങ്ങളും പകർച്ചവ്യാധികളും പ്രതിരോധിക്കുന്നതിനും രോഗങ്ങൾ യഥാസമയം കണ്ടുപിടിക്കുന്നതിനും രോഗസ്ഥിരീകരണം നടത്തുന്നതിനും ചികിത്സിച്ച് രോഗം ഭേദപ്പെടുത്തുന്നതിനും വേണ്ട സജ്ജീകരണങ്ങൾ പി.എച്ച്.സി., സി.എച്ച്.സി. തുടങ്ങി എല്ലാ സർക്കാർ ആശുപത്രികളിലും ഒരുക്കിയിട്ടുണ്ട്. ആവശ്യാനുസരണം ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും അതാതു സ്ഥാപനങ്ങളിൽ വിന്യസിച്ചും, വീടു വീടാന്തരം സർവ്വേ നടത്തിയും ഫീൽഡ് വിഭാഗം ജീവനക്കാർ മുഖേന ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകിയും രോഗപ്രതിരോധ നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |
| സി) ഇതിനായുള്ള പ്രതിരോധ മരുന്നുകളും രോഗശമന ഔഷധങ്ങളും ഹെൽത്ത് സെന്ററുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | സി) സ്വീകരിച്ചിട്ടുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ബ്ലീച്ചിങ്ങ് പൗഡർ, ഇൻസെക്ടിസൈഡുകൾ, ലാർവിസൈഡുകൾ, രോഗചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ, ഒ.ആർ.എസ്., |

. . . . . 2

ഐ.വി. ഫ്ളൂയിഡുകൾ മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവയുടെ ലഭ്യത സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഉറപ്പ് വരുത്താൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡി) അടിയന്തിര ഘട്ടങ്ങളിൽ സഹായമെത്തിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഡി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിൽ ആരോഗ്യ ദ്രുതകർമ്മസേന പ്രവർത്തിച്ചു വരുന്നു. ജില്ലയിൽ പകർച്ച വ്യാധി പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിലും അടിയന്തിര ഘട്ടങ്ങളിലും ആരംഭത്തിൽ തന്നെ ദ്രുതകർമ്മസേന സ്ഥലം സന്ദർശിക്കുകയും പ്രതിരോധ നടപടികൾ കൈക്കൊള്ളുകയും ആവശ്യമായ ജാഗ്രതാ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ